प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

മാർച്ച് 1, 2019

**ഉത്തർ പ്രദേശ് ലഖ്നൗ വിലെ യു.പി. പോസ്റ്റൽ പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനു മേൽ പിഴ ചുമത്തി**

1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്കു ബാധകമാം വിധം) സെക്ഷൻ 47 A (1) (c) ഒപ്പം സെക്ഷൻ 46 (4) എന്നിവയുടെ വ്യവസ്ഥകൾ പ്രകാരം ആർ ബി ഐ, ഉത്തർപ്രദേശിലെ യു.പി പോസ്റ്റൽ പ്രൈമറി സഹകരണ ബാങ്ക് ലിമിറ്റഡിനു മേൽ 5,00,000/- (രൂപ അഞ്ചുലക്ഷം മാത്രം) രൂപയുടെ പണപ്പിഴ ചുമത്തി. ഇൻറർബാങ്ക് കൗണ്ടർ പാർട്ടി ലിമിറ്റിനുള്ള പ്രൂഡെൻഷ്യൽ വ്യവസ്ഥകൾ നിക്ഷേപ ഇടപാടുകളിൽ വേണ്ട കൺകറൻറ് ആഡിറ്റ്, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുടെ അംഗത്വം, വരുമാന പരിഗണന, ആസ്തിവർഗ്ഗീകരണം,/ലാഭം വക കൊള്ളിയ്ക്കലും അനുബന്ധകാര്യങ്ങളും UCB കൾ ദൈനംദിന കാര്യങ്ങളിൽ ഡയറക്ടർ മാരുടെ ഇടപെടലുകൾ, KYC/ AML മാർഗ്ഗ നിർദ്ദേശങ്ങൾ 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (AACS) സെക്ഷൻ 29, ഇവയെ സംബന്ധിച്ചെല്ലാമുള്ള ആർ ബി ഐ നിർദ്ദേശങ്ങളും നിബന്ധനകളും ഇവ ലംഘിച്ചതിനാണ് ഈ പിഴചുമത്തിയത്.

സഹകരണ ബാങ്കിന്, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഒരുകാരണം കാണിക്കൽ നോട്ടീസ് നൽകിയതിൽ, ബാങ്ക് രേഖാമൂലമായ ഒരു മറുപടി സമർപ്പിച്ചു. കേസിൻറെ വസ്തുതകളും ഇക്കാര്യങ്ങളിലുള്ള ബാങ്കിൻറെ മറുപടിയും, നേരിട്ടുള്ള വിശദീകരണങ്ങളും പരിഗണിച്ചതിൽ ലംഘനങ്ങൾ സാരവത്താണെന്നും പിഴ ചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള നിഗമനത്തിൽ ആർ ബി ഐ എത്തുകയായിരുന്നു.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ്വൈസർ

**പ്രസ്സ് റിലീസ് 2018-2019/2076**